# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4814** — **5/2/2014** ൽ മറുപടിയ്ക്ക്

# തെങ്ങുകൾക്ക് പടർന്നുപിടിക്കുന്ന രോഗബാധകൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ<br>,, കെ. എം. ഷാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, എൻ. ഷംസുദ്ദീൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) തെങ്ങുകൾക്ക് പടർന്നുപിടിക്കുന്ന രോഗബാധകൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) 2013 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലുണ്ടായ ശക്തമായ മഴമൂലം തെങ്ങിനെ ബാധിക്കുന്ന കൂമ്പ് ചീയൽ രോഗം കണ്ണൂർ, കാസർഗോഡ് കോഴിക്കോട് ജില്ലകളിൽ ഈ വർഷം വ്യാപകമായിരുന്നു. രോഗ നിയന്ത്രണത്തിനായി 4,34,347 തെങ്ങുകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. ഇതിനായി ഒരു തെങ്ങിന് 60/- രൂപ നിരക്കിൽ 260.6066 ലക്ഷം രൂപ കർഷകർക്ക് ചെലവായിട്ടുണ്ട്. ഇതിൽ 30 ലക്ഷം രൂപ കേരഫെഡിൽ നിന്നും 20 ലക്ഷം രൂപ ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ നിന്നും അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. തെങ്ങിനെ ബാധിച്ചിട്ടുള്ള കാറ്റുവീഴ്ച രോഗനിയന്ത്രണത്തിനായി പ്രത്യേക കേന്ദ്രാവിഷ്കൃത പദ്ധതി കൃഷി വകുപ്പും നാളികേര വികസന ബോർഡും സംയുക്തമായി നടപ്പിലാക്കി വരുന്നു. ഗുരുതരമായി രോഗം |

ബാധിച്ചതും ഉല്പാദനം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ച് മാറ്റുക, പകരം ഉല്പാദനശേഷി കൂടിയ ഇനം തൈകൾ വച്ച് പിടിപ്പിക്കുക, രോഗാരംഭത്തിലുള്ള തെങ്ങുകൾക്കും ശാസ്ത്രീയപരിചരണ മുറകളിലൂടെ ഉല്പാദന വർദ്ധനവിനുള്ള പരിപാടികൾ നടപ്പിലാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയ പൈലറ്റ് പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ മറ്റ് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതുവരെ കണ്ടെത്തിയ പ്രധാന രോഗ ബാധകളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കാറ്റുവീഴ്ച, കൂമ്പ് ചീയൽ, ഓല ചീയൽ, മഞ്ഞളിപ്പ് എന്നിവയാണ് തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. |
| (സി) | മധ്യകേരളത്തിലും ദക്ഷിണ കേരളത്തിലും മലബാർ മേഖലയിലും വ്യത്യസ്ത തരം രോഗബാധയാണുണ്ടാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇതുമൂലം നാളീകേര ഉല്പാദനത്തിലുണ്ടായ ഇടിവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഡി) | മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാളികേര ഉല്പാദനത്തിൽ ഇടിവ് ഉണ്ടായിട്ടില്ല. പച്ചത്തേങ്ങ സംഭരണം ഏർപ്പെടുത്തുക വഴി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് സഹായകരമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**